(ബി) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ കോൺക്രീറ്റ് ഇളകി വീണ് വൃദ്ധയ്ക്ക് പരിക്കേറ്റ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്ത് മുൻകരുതലുകളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണികൾ പരമാവധി വേഗത്തിൽ തീർക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചക്കരക്കല്ല് സി.എച്ച്.സി.

83 (790) ശ്രീ. കെ. കെ. നാരായണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചക്കരക്കല്ല് സി.എച്ച്.സി.-യുടെ അടിസ്ഥാനസൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യക്കുറവ് പരിഹരിക്കുന്നതിന് എൻ.ആർ.എച്ച്. എം. ഫണ്ട് ഉപയോഗിച്ച് ഫാർമസി കെട്ടിടത്തിന്റെ ഒരു ഭാഗം പ്രത്യേകം പണി കഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

84 (791) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെ മറ്റ് ആരോഗ്യവകുപ്പ് ജീവനക്കാർ സ്വകാര്യ ആശുപത്രികളിലും അവരുടെ സേവനം ലഭ്യമാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അന്വേഷണം നടത്തിയതിൽ അവർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) ആരോഗ്യ വകപ്പിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ അവർ സേവനമനുഷ്ഠിക്കുന്ന ആശുപത്രികളിൽ നിന്നും അനധികൃത അവധിയെടുത്തും അല്ലാതെയും പ്രസ്തുത ആശുപത്രികളുടെ തൊട്ടരുകിൽ മുറി വാടകയ്ക്ക് എടുത്ത രാവിലെ മുതൽ പ്രാക്ടീസ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ അന്വേഷണത്തിലൂടെ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

(ഇ) എങ്കിൽ അന്വേഷണത്തിലൂടെ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്ത നടപടികൾ സ്വീകരിച്ച എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി)ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുകയും അവ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്തതിന് താഴെപ്പറയുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1	ഡോ. വി. പി. രാധ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., വെള്ളത്തൂവൽ, ഇടുക്കി	മൂന്ന് ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട്.
2	ഡോ. ബിൻസു വിജയൻ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., വട്ടവട, ഇടുക്കി	കാരണംകാണിക്കൽ നോട്ടീസ് നൽകിയിരിക്കുന്നു.
3	ഡോ. സിബി ജോർജ്ജ്, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., മരിയാപുരം	ഒരു ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട്.
4	ശ്രീമതി ആശ പി. നായർ, ഒപ്റ്റോമെട്രിസ്റ്റ്, ജില്ലാ ആശുപത്രി, പാലക്കാട്	സ്ഥലംമാറ്റം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5	ഡോ. ഹരിദാസൻ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., പള്ളിപ്പുറം, മലപ്പുറം	കർശന താക്കീത് നൽകി
6	ഡോ. പ്രവീൺ, അസിസ്റ്റന്റ് സർജൻ, പുറത്തൂർ, മലപ്പുറം	കുറ്റപത്രം നൽകിയിരിക്കുന്നു
7	ഡോ. സെയ്ദ് നഹറുള്ള, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., കുഴിമണ്ണ, മലപ്പുറം	രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് ഉത്തരവായിട്ടുണ്ട്.
8	ഡോ. അബ്ബാസ്, അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി, തിരൂർ	കുറ്റപത്രം നൽകിയിരിക്കുന്നു.
9	ഡോ.എസ്. സബിത, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., കാഞ്ഞിറ്റുകര	സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.
10	ഡോ. ജയകുമാർ, അസിസ്റ്റന്റ് സർജൻ, താലൂക്കാശുപത്രി, കരുനാഗപ്പള്ളി	അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.
11	ഡോ. ബിന്ദു റ്റി.എ. അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., ചവറ	സഞ്ചിത-ഫലത്തോടെയല്ലാതെ രണ്ട് ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട്.
12	ഡോ. ഹരീഷ്, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി., നെടുവ	താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി
13	ഡോ. പി. കെ. മോഹൻ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്	കുറ്റാരോപണ മെമ്മോ നൽകുകയും, നേരിൽ കേൾക്കുകയും ഉണ്ടായി. മെഡിക്കൽ ഓഫീസർ സമർപ്പിച്ച റെപ്രസന്റേഷന് ഡി.എച്ച്.എസ്.-നോട് അഭിപ്രായം ആരാഞ്ഞിരുന്നു.

(സി) ഉണ്ട്.

(ഡി&ഇ) അന്വേഷണത്തിൽ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരുടെ വിവരം താഴെ ചേർക്കുന്നു :

1. ഡോ. ബി. ശ്യാംകുമാർ
2. ഡോ. ജയകുമാർ
3. ഡോ. ജയചന്ദ്രൻ
4. ഡോ. ധർമ്മരാജൻ

ഇവർക്കെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. ഡോ. ജയകുമാർ സർവ്വീസിൽനിന്നും വിരമിച്ചതിനാൽ അദ്ദേഹത്തിന്റെ പെൻഷനിൽനിന്ന് 500 രൂപ മാസംതോറും 3 വർഷത്തേക്ക് കുറവ് ചെയ്യാനും ഡോ. ശ്യാംകുമാർ, ഡോ. ജയചന്ദ്രൻ, ഡോ. ധർമ്മരാജൻ തുടങ്ങിയവരുടെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്.

മരുന്നുകളുടെ ഗുണനിലവാരം

85 (792) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു വർഷം എത്രകോടി രൂപയുടെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന പല ആന്റി ബയോട്ടിക്കുകൾക്കും ഉദ്ദേശിച്ച ഫലം കിട്ടാത്തത് ഗുണനിലവാരം കുറവായതുകൊണ്ടാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഛത്തീസ്ഗണ്ഡിലെ റായ്പൂരിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly